കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പരുതൂർ ഗ്രാമപഞ്ചായത്ത്

## 2016-17 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

email : dopkd.ksad@kerala.gov.in

നമ്പർ കെഎസ്എ പികെഡി 13-1867/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .

തീയതി. 17.10.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പരുതൂർഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പരുതൂർ ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപപ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നമ്പർ കെഎസ്എ പികെഡി 13-1867/2017 തീയതി : 17.10.2017.

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-10-2016 മുതൽ 14-9-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.പി.എം.രതീഷ് കുമാർ

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 15-09-2017 മുതൽ 25-9-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ, |

| | | |
|---|---|---|
| ഉദ്യോഗസ്ഥർ | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.സി.എൽ.പത്മകുമാർ | സീനി.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡൻറ് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.ടി.ശാന്തകുമാരി | 01-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.പി.വിജയകുമാരൻ | 1-4-16 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി.പ്രീത | 1-4-16 മുതൽ 21-8-16 വരെ |
| | ശ്രീമതി.എൻ.എസ്.സുധ | 22-8-16മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സുചിത്ര ബി ഷേണായ് | 1-4-16മുതൽ 30-6-16 വരെ |
| | ശ്രീ.രാഹുൽ കൃഷ്ണൻ | 1-7-16 മുതൽ 4-10-16 വരെ |
| | ശ്രീമതി.ദീപ. പി | 5-10-16മുതൽ 31-3-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.എം.കമലാവതി | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ. | ശ്രീ.ജിതേഷ് കുമാർ | *1-4-16 മുതൽ 31-3-17വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.എം.പി. അലി | *1-4-16 മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.ആർ രേണു | *1-4-16 മുതൽ 31-3-17 വരെ* |
| വെറ്ററിനറി സർജൻ | ഡോ.കെ.പി.വൈഖരി | *1-4-16 മുതൽ 31-3-17 വരെ* |

| | | |
|---|---|---|
| എച്ച്.എം | ശ്രീ.കെ.സി. അലി ഇക്ബാൽ | *1-4-16 മുതൽ 7-8-16 വരെ* |
| | ശ്രീമതി.പി.ലൈല | *8-8-16 മുതൽ 31-3-17 വരെ* |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2016-17 | 1/24-3-2016 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്‍ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2016 | 28-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2016-17 | 18-09--2017 | അനുബന്ധം 1 ആയിച്ചേർത്തിട്ടുണ്ട് |

# 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 2941776 | 47376838 | 50318614 | 45603028 | 4715586 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | നീക്കിയിരിപ്പ് | ചെലവു ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9218838 | 9218838 | 7561690 | 1657148 | 0 | 82.02 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8889498 | 8889498 | 6833207 | 2056291 | 0 | 76.86 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8424081 | 8424081 | 6242031 | 2182050 | 0 | 74.09 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2554755 | 2554755 | 2385246 | 169509 | 0 | 93.36 |
| KLSGDP | 0 | 2833802 | 2833802 | 1164781 | 1669021 | 0 | 41.10 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5170028 | 5170028 | 4225509 | 944519 | 0 | 81.7 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 994677 | 8166732 | 9161409 | 8548604 | ---- | 612805 | 93.31 |
| MGNREGS | 0 | 18135393 | 18135393 | 18133247 | ---- | 2146 | 99.9 |
| ബി ഫണ്ട് | 0 | 32792130 | 32792130 | 32792130 | ---- | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 220 | 57063859 | 130 | 31588094 | nil | 90 | 59 % |

നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ ചെലവു വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 6 | 4170788 | 2896844 | 69.40 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 811180 | 664592 | 82 |
| മെഡിക്കൽ ഓഫീസർ PHC | 4 | 1 | 938300 | 304210 | 32.42 |
| മെഡിക്കൽ ഓഫീസർ ISM | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ | 20 | 11 | 8902000 | 5214000 | 58.57 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 6233341 | 4413370 | 70.80 |
| സെക്രട്ടറി | 36 | 15 | 13181514 | 5585640 | 42.4 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 137 | 85 | 22426736 | 12112188 | 54 |

| | | | | | |
|---|---|---|---|---|---|
| എച്ച്.എം | 1 | 1 | 100000 | 97250 | 97 |
| ആകെ | 220 | 130 | 57063859 | 31588094 | 55.35 |

സെക്രട്ടറി,മെഡിക്കൽ ഓഫീസർ(PHC) തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ പകുതിപോലും ചെലവഴിക്കാതിരുന്നത് ശരിയല്ല.പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഭരമസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | വർദ്ധനവ്/കുറവ് % |
|---|---|---|---|---|
| നികുതി വരവുകൾ | 2246593 | 3398108 | 1151515 | (+)51.3 |
| നികുതിയേതര വരവുകൾ | 380051 | 407985 | 27934 | (+)7.4 |
| ആകെ | 2626644 | 3806093 | 1179449 | (+)44.9 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1 | 1 | --- | --- |
| 2 | തൊഴിൽ രഹിത വേതനം | 10 | 10 | 5 | --- |
| 3 | വിധവാ പെൻഷൻ | 107 | 107 | --- | --- |
| 4 | വികലാംഗ പെൻഷൻ | 11 | 11 | 2 | --- |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 10 | --- | --- |

| | | | | | |
|---|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 321 | 321 | --- | --- |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-09-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7584/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്

# 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി,ഒരു ദുരിതാശ്വാസനിധി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ രൂപീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25-08-2017 | 07/17 | ലഭിച്ചിട്ടില്ല | ---- |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 19-06-2008 | 1997-98 മുതൽ 2007-08 വരെ | 14-08-2008 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അടച്ചില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ചെറുകടഞ്ചാട് പോസ്റ്റ് ഓഫീസിൽ നിന്നും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. പ്രസ്തുത പോസ്റ്റ് ഓഫീസിന് ഡിമാന്റ് നോട്ടീസ് നൽകി, റിട്ടേൺ ലഭ്യമാക്കി. ആയത് അടക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.7 തിയതി- 25-09-2017)

## 2-2 വസ്തു നികുതി നിർണ്ണയത്തിൽ അപാകത

സ.ഉ(എം.എസ്) നം. 358/15/ ത.സ്വ.ഭ.വ തിയതി 16-12-2015 പ്രകാരം പരാതികൾക്കും ആക്ഷേപങ്ങൾക്കും ഇട നൽകാതെ വസ്തു നികുതി നിർണ്ണയ പുനക്രമീകരണ നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 31-12-2015 നള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണ നടപടികൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ടെങ്കിലും സഞ്ചയിൽ നിന്നുള്ള ഡി.സി.ബി. പത്രിക പ്രകാരവും സാംഖ്യയിൽ നിന്ന് ലഭിച്ച ഡി.സി.ബിയും തമ്മിൽ വ്യത്യാസം കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| | സാംഖ്യ | സഞ്ചയ | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 4132847 | 4133318 | 471 |
| കളക്ഷൻ | 2698820 | 2698820 | - |
| ബാലൻസ് | 1434027 | 1434498 | 471 |

വസ്തുനികുതിയുടെ കമ്പ്യൂട്ടർവൽക്കരണത്തിലുള്ള അപാകങ്ങൾ പരിഹരിച്ച് ,ബുക്ക് അഡ്ജസ്റ്റ്മെന്റ് ഒഴിവാക്കി സാഖ്യ- സഞ്ചയുടെ ഡി.സി.ബി തുല്യമാക്കേണ്ടതാണ്.27.04.2015 ലെ സ.ഉ(എം.എസ് )നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവിലെ ക്രമ നം.3 പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്.കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് സഞ്ചയ സോഫ്റ്റ്വെയറിന്റെ പരിമിതിയുടെ അടിസ്ഥാനത്തിൽ 150 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് പുനപരിശോധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.7 തിയതി-25-09-2017)

## 2-3 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

31-3-2017 ന് തിരികെ നൽകാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 1982-83 | 500 |
| 1992-93 | 250 |
| 1998-99 | 2004 |

| | |
|---|---|
| 2000-01 | 1000 |
| 2001-02 | 4050 |
| 2003-04 | 9200 |
| 2004-5 | 14025 |
| 2005-06 | 16350 |
| 2006-07 | 43500 |
| 2007-08 | 15500 |
| 2008-09 | 11000 |
| 2009-10 | 53336 |
| 2010-11 | 11569 |
| 2011-12 | 18310 |
| 2012-13 | 785 |
| 2013-14 | 20986 |
| 2014-15 | 84475 |
| 2015-16 | 60375 |

| | |
|---|---|
| 2016-17 | 65250 |
| ആകെ | 401456 |

കാലപരിധിക്ക ശേഷവും തിരികെ നൽകാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ : വാഹന വാടകയിനത്തിൽ അധിക നിരക്ക് നൽകിയത് സംബന്ധിച്ച്

പ്രൊ നം. 81/16-പെയിൻ & പാലിയേറ്റീവ് ക്ലിനിക്
അടങ്കൽ – 506000 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ചെലവ് – 304210

പാലിയേറ്റീവ് കെയറിനായി വാടകയ്ക്ക് ലഭ്യമാക്കുന്ന വാഹനം ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ സ.ഉ(സാധാ)നം.3217/2015/ത.സ്വ.ഭ.വ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ പാലിക്കാതെ വാടകയ്ക്ക് എടുക്കുന്ന വാഹനത്തിന് പരമാവധി നൽകാവുന്ന നിരക്ക് 1100 സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. KL-52D-740 നമ്പറുള്ള വാഹനമാണ് സ്ഥിരമായി ഹോം കെയറിനായി വാടകയ്ക്ക് എടുത്തിട്ടുള്ളത്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ കിലോമീറ്റർ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ എന്ന മാത്രമാണ് ട്രിപ്പ് ഷീറ്റുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓടിയ കിലോമീറ്ററിനെ അടിസ്ഥാനമാക്കി തുക അനുവദിക്കുന്നതിനു പകരം ഒരു ദിവസത്തിന് 1500 രൂപ അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി. പുതുക്കിയ മാർഗ്ഗരേഖ പ്രകാരം 29-10-2015 മുതൽ വാഹന വാടകയായി പരമാവധി നൽകാവുന്ന തുക 1100 രൂപയാണ്. ആയതിനാൽ ഈ ഇനത്തിൽ വികസനഫണ്ടിന് ഉണ്ടായ ഏറ്റവും കുറഞ്ഞ നഷ്ടം താഴെ ചേർക്കുന്നു.

| മാസം | വാഹനം ഓടിയ ദിവസങ്ങൾ | അനുവദിച്ച നിരക്ക് | ആകെ അനുവദിച്ചത് | അനുവദനീയം | അധികം നൽകിയത് | ബിൽ നം./തിയതി, ബിൽ തുക |
|---|---|---|---|---|---|---|
| 4/2016 | 10 | 1500 | 15000 | 11000 | 4000 | 2/29-11-16<br>103000 |
| 5/2016 | 10 | 1500 | 15000 | 11000 | 4000 | 2/29-11-16<br>103000 |
| 6/2016 | 11 | 1500 | 16500 | 12100 | 4400 | 12/29-11-16<br>103000 |
| 7/2016 | 11 | 1500 | 16500 | 12100 | 4400 | 2/29-11-16<br>103000 |
| ആകെ | | | 63000 | 46200 | 16800 | |

വാഹനവാടകയിനത്തിൽ അധികം നൽകിയ 16800 രൂപയ്ക്ക് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 2/19-9-2017 നുള്ള മറുപടിയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കാനാണ് വാടക നൽകിയതെന്നുള്ള പരാമർശം തൃപ്തികരമല്ല. 2016 ആഗസ്റ്റ് മാസം മുതൽ 1100 രൂപ നിരക്കിലാണ് വാഹനം ഉപയോഗിച്ചിരിക്കുന്നത്. ആയതിനാൽ വാഹനവാടകയിനത്തിൽ അധികം നൽകിയ 16800 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നല്കിയത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

അടങ്കൽ തുക -590424 (വികസനഫണ്ട് - 394674, ബ്ളോക്ക് പഞ്ചായത്ത് വിഹിതം-195750)
ചെലവ്- 494674 (രൂപ 394674.00, ബിൽ നം.2/31-03-2017, 1,00,000.00 രൂപ ബ്ളോക്ക് വിഹിതം )

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നല്കിയതുമായി ബന്ധപ്പെട്ട് ബ്ളോക്കിൽ നിന്നും ലഭിച്ച 100000 രൂപ ചെക്ക് നം.1811963 തീയതി 27/3/2017 പ്രകാരം കൊടിക്കുന്ന് സെക്രട്ടറി,വനിതാ ക്ഷീരോല്പാദക സഹകരണ സംഘം ,പള്ളിപ്പുറം നൽകിയിട്ടുണ്ട്.

എന്നാൽ 99058 രൂപ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമെ ഹാജരാക്കിയിട്ടുള്ളു. 942 രൂപ വിതരണം ചെയ്തതിന്റെ രേഖ ഇല്ലാത്തതിനാൽ ആ തുക കൊടിക്കുന്ന് വനിതാ ക്ഷീരോല്പാദക സഹകരണസംഘം സെക്രട്ടറിയിൽ നിന്ന് വാങ്ങി അടക്കാമെന്ന് വെറ്ററിനറി സർജൻ മറുപടി നല്കിയിട്ടുണ്ട്. ആയതിനാൽ 942 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.4 തിയതി-19-09-2017)

# 3-3 തെരുവു വിളക്ക് റിപ്പയർ അപാകതകൾ സംബന്ധിച്ച്

തെരുവു വിളക്ക് റിപ്പയർ എ.എം.സിയുടെ അവസാനഗഡു ശ്രീ.ജെഷിക്ക് പേമന്റ് വൗച്ചർ നമ്പർ 21600058/29-4-2016 പ്രകാരം 90000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ താഴെപറയുന്ന അപാകതകളുണ്ട്

1) ബില്ലിൽ നിന്നും ആദായനികുതി,ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയിട്ടില്ല.

2) തദ്ദേശസ്വയം ഭരണവകുപ്പിന്റെ 15-9-2011ലെ 3055/ഡി.എ.3/2011നമ്പർ സർക്കുലർ പ്രകാരമുള്ള പരാതി രജിസ്റ്റർ ,തെരുവു വിളക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3)കേടുവന്ന വിളക്കുകളെല്ലാം നേരെയാക്കിയെന്ന (പോസ്റ്റ്നമ്പർ, വിളക്കിന്റെ ഇനം, മാറ്റിയ സ്പെയർപാർട്സ് എന്നിവയില്ലാത്ത) വാർഡ് മെമ്പർമാരുടെ അവ്യക്തമായ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

4)വിളക്കുകൾ നേരെയാക്കിയതിന് ഉപയോഗിച്ചിട്ടുള്ളത് ഐ.എസ്.എ സാക്ഷ്യപത്രമുള്ള വസ്തുക്കളാണെന്ന് തെളിയിക്കുന്ന രേഖകളില്ല.
5)ഇലക്ട്രിക് സ്പെയർപാർട്സുകൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-4 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/ 13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്

ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പല പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൺവീനർമാർ കണക്കുകൾ ഹാജരാക്കിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിലാകട്ടെ പല കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും ആവശ്യമായതിൽ അധികം സിമന്റ് വാങ്ങിയതായി കാണിച്ചുകൊണ്ടുള്ള ബില്ലുകളാണ് കൺവീനർമാർ ഹാജരാക്കിയിരിക്കുന്നത്. കൺവീനർമാർ ആരുംതന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃ സമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്. കൂടാതെ കരാർ വ്യവസ്ഥ 2. പ്രകാരം "പ്രവൃത്തി മുഴുവനായോ ഭാഗികമായോ യാതൊരു കരാറുകാരനെയോ കരാറുകാരെയോ കരാർ കമ്പനിയേയോ ബിനാമിയേയോ ഏൽപ്പിക്കാവുന്നതല്ല". ഫയൽ പരിശോധിച്ചതിൽ കൺവീനർമാർ പ്രവൃത്തികൾ സബ്കോൺട്രാക്ട് നൽകിയതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. മെറ്റീരിയൽ വാങ്ങിയതിന്റെ കൈപ്പറ്റ് രസീതിയും പ്രവൃത്തി സബ്കോൺട്രാക്ട് നൽകിയതിന്റെ രേഖയുമാണ് കൺവീനർ സമർപ്പിച്ചിട്ടുള്ളത്.

ഉത്തരവ് നം. (എം.എസ്) 42/99/പ്ലാനിങ്ങ് - ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ

നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല.കൂടാതെ പ്രവൃത്തികളുടെ നടത്തിപ്പിന് മൊബിലൈസേഷൻ അഡ്വാൻസോ, സെക്യേർഡ് അഡ്വാൻസോ അനുവദിക്കുന്നില്ല.

ഗുണഭോക്തൃസമിതിയുടെ മിനുട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല.(ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ്ബിൽ, സാധനസാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവൃത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല.വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല.

സാങ്കേതിക വൈദഗ്ദ്യം പൂർണ്ണമായും ആവശ്യമുള്ള പ്രവൃത്തികൾ കൺവീനർമാരെ ഏൽപ്പിക്കുകയും മെറ്റീരിയൽ പർച്ചേസ് മാത്രം ഗുണഭോക്തൃസമിതി നടത്തുകയും പ്രവൃത്തി കോൺട്രാക്ടർ മുഖേന നിർവ്വഹിക്കുകയും ചെയ്യുന്നത് ആശാസ്യമല്ല. ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത പ്രവൃത്തികൾ സമിതിയെ ഏൽപ്പിക്കുകയും സമിതി മറ്റു കരാറുകാർക്ക് സബ്കോൺട്രാക്ട് നൽകുകയും ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കാൻ സാങ്കേതികപരിജ്ഞാനവും സംവിധാനവും ഉള്ള കൺവീനർമാരെ പദ്ധതികൾ ഏർപ്പിക്കുകയോ അല്ലാത്തപക്ഷം ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-5 വെള്ളക്കരം തനത് ഫണ്ട് ചോരുന്നു

പരുതൂർ ഗ്രാമ പഞ്ചായത്തിൽ ജലഅതോറിറ്റിയുടെ 451പൊതു ടാപ്പുകളാണുള്ളത്. ഇവക്ക് പ്രതിമാസം 197313 രൂപ വെച്ച് 2367756രൂപ പ്രതിവർഷം വെള്ളക്കരമിനത്തിൽ ജലഅതോറിറ്റിയിലൊടുക്കുന്നുണ്ട്. തനത്ഫണ്ട് ശുഷ്കമായ (കെട്ടിടനികുതിയും,തൊഴിൽനികുതിയും മാത്രമേ വരവായിട്ടുള്ളൂ)ഗ്രാമപഞ്ചായത്ത് നിലവിൽ വെള്ളക്കരകുടിശ്ശികയിനത്തിൽ 14395024 രൂപ ജലഅതോറിറ്റിക്ക് നൽകാനുണ്ട്.ഈ കുടിശ്ശികക്ക് പ്രതിമാസം 2% ഫൈനായി ജലഅതോറിറ്റി ഈടാക്കുന്നുമുണ്ട്.

2016-17 വർഷത്തിൽ താഴെ കൊടുത്ത പേമെന്റ് വൗച്ചറുകൾ പ്രകാരം

വെള്ളക്കരമടച്ചിട്ടുണ്ട്

| ക്ര. നം | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 21600742/20-1-2017 | 255000 |

| | | |
|---|---|---|
| | | (MF(NR) |
| 2 | 21601000/31-3-2017 | 1183878 (തനത് ഫണ്ട്) |

ആകെ 1438878/-

തനത് വരുമാനം കുറവായിട്ടും കുടിവെള്ളവിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയല്ലാതിരുന്നിട്ടും തനത് ഫണ്ടിൽ നിന്നുള്ള ശോഷണം കുറക്കാനുള്ള നടപടികളൊന്നും പഞ്ചായത്തധികാരികളെടുക്കാതിരിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്.

ഇക്കാര്യത്തിൽ താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

1)ജലഅതോറിറ്റിയുമായി പൊതുടാപ്പുകളുടെ നിലവിലെ എണ്ണവും പ്രവർത്തിക്കാത്തവ ഒഴിവാക്കുന്നതിനുമായി അടിയന്തരമായി സംയുക്തപരിശോധന നടത്തേണ്ടതാണ്.

2)പൊതുടാപ്പുകൾക്ക് മീറ്ററിങ്ങ് സംവിധാനം നടപ്പാക്കേണ്ടതാണ്

3)2017-18 ലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം പൊതു ടാപ്പുകളൊഴിവാക്കി ഗാർഹികകണക്ഷനുകളാക്കേണ്ടതാണ്

4)ഭീമമായ വെള്ളക്കര കുടിശ്ശിക ഒഴിവാക്കാനായി സർക്കാർ ഇടപെടലിന് വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്

ഇത് സംബന്ധിച്ച ഫയൽ അടിയന്തരമായി തുടങ്ങേണ്ടതാണ്.

വെള്ളക്കര ക്കുടിശ്ശിക സംബന്ധിച്ച വാട്ടർ അതോറിറ്റി ഡിമാൻഡ് ചെയ്യുന്ന9/17 /11-9-2017ലെ ബില്ലല്ലാതെ ,നാളിതുവരെയുള്ള കുടിശ്ശിക സംബന്ധിച്ച യാതൊരു വിവരവും പഞ്ചായത്തിലില്ല.

5)സേവനനികുതി ഈടാക്കേണ്ടതാണ്.
6)പൊതു ടാപ്പുകളൊഴിവാക്കി കുടിവെള്ള പദ്ധതികൾ സ്ഥാപിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ച് ബാധ്യത ഒഴിവാക്കേണ്ടതാണ്

# 3-6 ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീയുടെ കീഴിൽ ആശ്രയ രണ്ടാം ഘട്ടം പദ്ധതിയിൽ അംഗീകരിച്ച 89അഗതി കുടുംബങ്ങളുണ്ട്. നിലവിൽ അവർക്കാവശ്യമുള്ള സേവനങ്ങൾ താഴെ പറയുന്നു.

| ക്ര. നമ്പർ | ആവശ്യമുള്ള സേവനം | ഗുണഭോക്താക്കളുടെ എണ്ണം | ലഭ്യമാക്കിയത് | ബാക്കി യുള്ളവർ |
|---|---|---|---|---|
| 1 | വീട് | 19 | 6 | 13 |
| 2 | ഭൂമി | 3 | - | 3 |
| 3 | വീട് റിപ്പയർ | 7 | 2 | 5 |
| 4 | കുടിവെള്ളം | 32 | - | 32 |
| 5 | കക്കൂസ് | 44 | - | 44 |
| 6 | കറന്റ് | 3 | - | 3 |

2016-17 സാമ്പത്തിക വർഷത്തിൽ ചലഞ്ച് ഫണ്ടായി 345907 രൂപ ലഭിച്ചുവെങ്കിലും വിദ്യാഭ്യാസത്തിനായി 16000രൂപയും ഭക്ഷണം, പോഷകാഹാരം എന്നിവക്ക് 308041രൂപയും ചേർത്ത് ആകെ 324041 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്,

1)അംഗീകരിച്ച പദ്ധതി പ്രകാരമുള്ള അടങ്കൽ 70752720രൂപയാണ്.ഇതിൽ ചാലഞ്ച് ഫണ്ടായ1037720 രൂപയിൽ നിന്നും മാത്രമാണ് ചെലവ് നടത്തിയിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്യുന്ന മറ്റ് മേഖലകളായ ആരോഗ്യപരിരക്ഷ,പെൻഷൻ,വിദ്യാഭ്യാസം,വസ്ത്രം,തൊഴിൽ വൈദഗ്ദ്യപരിശീലനം,വീട് നവീകരണം,മുച്ചക്രവാഹനം എന്നിവക്ക് കൂടി മുൻതൂക്കം നൽകേണ്ടതാണ്

2)വീട് നിർമ്മാണം,വീട് നവീകരണം എന്നീ പദ്ധതികളിൽ ആശ്രയ കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്

## 3-7 അംഗൻ വാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.3.2011ലെ 31055/ഡി.സി.2/2011. ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക (സി) പ്രകാരം എല്ലാ വർഷവും മെയ് 10 -നകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൽപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ്സ് നൽകേണ്ടതുമാണ്.

യാതൊരു കാരണ വശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികളിൽ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ ഭരണ സ്ഥാപനം/ കെട്ടിടമുടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അംഗൻവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ വിലയരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30- നകം ഫിറ്റ്നസ്സ് ഉറപ്പാക്കുകയും വേണം.

ആയതിനാൽ അംഗൻവാടി കെട്ടിടങ്ങൾ പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പ വരുത്താനുള്ള നടപടികൾ പഞ്ചായത്തും നിർവ്വഹണോദ്യോഗസ്ഥയും സ്വീകരിക്കേണ്ടതാണ്. സാങ്കേതിക വിഭാഗത്തിൽ നിന്ന് ഫിറ്റ്നസ്സ് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, പ്രത്യേകം ശ്രദ്ധനൽകേണ്ടതും, ആയവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-8 THRS ലാബ് റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തീയ്യതി 5.6.2010, 1.2.2010 തീയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 709271(ജില്ലാ പഞ്ചായത്ത് വിഹിതം) | സമൃദ്ധി(42/16-17) | 709271 | 0 |
| | 100000(ബ്ലോക്ക്പഞ്ചായത്ത് വിഹിതം) | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി(60/16-17) | 100000 | 0 |
| | 65010(ബ്ലോക്ക്പഞ്ചായ | ശാരീരികവും | 65010 | 0 |

| | | | | |
|---|---|---|---|---|
| | ത്ത് വിഹിതം) | മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(126/16-17) | | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുതുകനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | ചെലവു വിവരം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പരുളൂർ മുക്കിലപ്പീടിക ജുമാമസ്ജിദ് പൈപ്പ് ലൈൻ (പ്രോജ.നം. 230/16-17 | Fund transferred through NIFT | 75000 | 75000 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 44342 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2007-08 | 3(4) | 17011 | എൻ.പവിത്രൻ, സെക്രട്ടറി (റിട്ടയേർഡ്) | 11601100611/8-6-16 |
| 2003-04 | 3(7) | 26076 | കൺവീനർ, പാതിരിക്കോട് അംഗൻവാടി | 11601100695/25-6-16 |
| 2013-14 | 3-21(4) | 1255 | ശ്രീ.സി.പി. അബൂബക്കർ, PWD കോൺട്രാക്ടർ | 11601101865/24-10-16 |
| | ആകെ | 44342 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3(13) | 2014-15 | 4-2-11 | മണൽ ഖനനം | അന്തിമതീരുമാനമായിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47376838 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45603028 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17742 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 3-1 | | 16800 | ഡോ.അലി.എം.പി, മെഡിക്കൽ ഓഫീസർ |
| 3-2 | | 942 | ഡോ.വൈഖരി, വെറ്ററിനറി സർജൻ |

(സി)ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക : ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അലി.എം.പി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,PHC, എടയൂർ,മലപ്പുറം | മണൽ പറമ്പിൽ വീട്,പുറത്തൂർ PO,തിരൂർ,മലപ്പുറം ജില്ല-676 102. |
| ഡോ.വൈഖരി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,വെറ്ററിനറി ഡിസ്പെൻസറി,പരുതൂർ | അഭയം,വെള്ളിമൺ,പെരിനാട്, കേരളപുരം PO, കൊല്ലം ജില്ല |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|

| | | |
|---|---|---|
| | ഒടുവിലത്തെ<br><br>കത്തിടപാടിന്റെ വിവരം | |
| 1996-97 | എൽ.എഫ്.പി8/1202/2000<br><br>18-1-2001 | 4 |
| 1997-98 | എൽ.എഫ്.പി8/687/2001<br><br>31-10-2001 | 19 |
| 1998-99 | എൽ.എഫ്.പി8/625/2002<br><br>5-10-2002 | 10 |
| 1999-00 | എൽ.എഫ്.പി8/644/2004<br><br>16-9-2004 | 4 |
| 2000-01 | എൽ.എഫ്.പി8/567/2004<br><br>19-11-2004 | 22 |
| 2001-02 | എൽ.എഫ്.പി3/6109/2007<br><br>14-6-2007 | 12 |
| 2002-03 | എൽ.എഫ്.പി13/935/2007<br><br>26-5-2008 | 7 |
| 2003-04 | എൽ.എഫ്.പി13/530/2013<br><br>20-6-2013 | 3 |
| 2004-05 | എൽ.എഫ്.പി13/1362(1)/2012<br><br>10-7-2012 | 5 |
| 2005-06 | എൽ.എഫ്.പി13/628/2013<br><br>6-2-2014 | 2 |
| 2006-07 | എൽ.എഫ്.പി13/2364(3)/2012<br><br>17-6-2013 | 4 |
| 2007-08 | എൽ.എഫ്.പി13/2364(4)/2012<br><br>17-6-2013 | 10 |

| | | |
|---|---|---|
| 2008-09,<br>2009-10<br>& 2010-11 | എൽ.എഫ്.പി13/1385/2013<br>17-12-2013 | 14 |
| 2011-12 | കെ.എസ്.എ-പികെഡി-<br>13-1690/15 / 5-2-2016 | 11 |
| 2012-13,<br>2013-14 &<br>2014-15 | കെ.എസ്.എ-പികെഡി-<br>13-1909/16 / 18-2-2016 | 14 |
| 2015-16 | കെ.എസ്.എ-പികെഡി-<br>13-2252/2016/22-12-16 | മുഴുവനും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

## അനുബന്ധം

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നമ്പർ കെഎസ്എ പികെഡി 13-1867/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി 17.10.2017.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ

പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. കെട്ടിടനികുതി വിശദാംശങ്ങൾവാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല
2. ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

No. KSA PKD 13-1867/2017

Kerala State Audit Department
District Audit Office, Palakkad.
Date 17.10.2017.

<u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of PARUTHUR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and

Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of PARUTHUR GRAMA PANCHAYATH prepared in accordance with Section Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2016 -2017 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

Abstract of defects

1. The details of accounts of building tax as per demand register is not reconcilled with the annual financial statement submitted for audit.
2. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director